## കേരള സർക്കാർ

നം. 24136 (2)/ ആർ. എ.1/07/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പ്,
തിരുവനന്തപുരം, 10 -9-2007.

### സർക്കുലർ

വിഷയം:- കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ - സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ബാധകമാക്കി തുടർ നടപടി സ്വീകരിക്കുന്നത് - വിശദീകരണം - സംബന്ധിച്ച്

സൂചന: 1. 20.6.07 ലെ സർക്കുലർ നമ്പർ 24136/ആർ.എ1/07/തസ്വഭവ.
2. 25.7.07 ലെ സർക്കുലർ നമ്പർ 24136 (1)/ആർ.എ1/07/തസ്വഭവ

പുതിയതായി കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കിയ പഞ്ചായത്തുകളിൽ ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനും, നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നമ്പർ ഇട്ടു ലഭിക്കുന്നതിനും കാലതാമസം വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കിയ പഞ്ചായത്തുകളിൽ അപേക്ഷകൾ പരിശോധിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതും പൂർത്തിയായതുമായ കെട്ടിടത്തിൻമേൽ എടുക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ പ്രത്യേകം സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. സർക്കുലറിന്റെ കോപ്പികൾ നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ അവ പൊതുജനങ്ങളുടെ അറിവിലേക്കായി പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിരുന്നില്ല എന്ന പരാതിയും ലഭിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ സർക്കാർ പുറപ്പെടുവിച്ച സർക്കുലറിന്റെ കോപ്പികൾ പൊതുജനങ്ങൾക്കായി ഉടൻതന്നെ പ്രദർശിപ്പിക്കേണ്ടതിന് പഞ്ചായത്ത് സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

സർക്കാർ പുറപ്പെടുവിച്ച സർക്കുലറുകളിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പരിശോധിക്കാതെയും, പാലിക്കാതെയും അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കാതിരിക്കുന്നത് സർക്കാർ

ഗൗരവമായി കാണുന്നതാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങളിന്മേൽ സംശയം ഉള്ള പക്ഷം ജില്ലാ ടൗൺ പ്ലാനറുമായി ബന്ധപ്പെട്ട് സംശയങ്ങൾ ദൂരീകരിച്ച്, കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന സമയ പരിധിക്കുള്ളിൽ തന്നെ പഞ്ചായത്തു സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

എസ്. എം. വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
കോർപ്പറേഷൻ സെക്രട്ടറി, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ടൗൺ പ്ലാനർമാർക്കും
സീനിയർ ടൗൺ പ്ലാനർ, വിജിലൻസ്.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം-695581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ, (പത്ര മാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകാൻ നടപടിയെടുക്കേണ്ടതാണ്.)

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
തദ്ദേശസ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് (ആർ. ബി) വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പ് (ആർ. ഡി) വകുപ്പ്
തദ്ദേശ സ്വയംഭരണ (ആർ. എ.2, ആർ.എ.3) വകുപ്പുകൾക്ക്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ